10000
7/8/15 -

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുന്നതിന് monthly ceiling ഒഴിവാക്കി yearly ceiling ആക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(സാധാ)നം.498/2015/സാ.നീ.വ          തിരുവനന്തപുരം, തീയതി 4.8.2015

പരാമർശം-
1. 6.5.2014 തീയതിയിലെ സ.ഉ(സാധാ)302/14/സാ.നീ.വ നമ്പർ ഉത്തരവ്
2. 13.8.2014 തീയതിയിലെ സ.ഉ(സാധാ)518/14/സാ.നീ.വ നമ്പർ ഉത്തരവ്
3. 28.11.2014 തീയതിയിലെ സ.ഉ(സാധാ)707/14/സാ.നീ.വ നമ്പർ ഉത്തരവ്
4. സാമൂഹ്യനീതി ഡയറക്ടറുടെ 4.2.2015 തീയതിയിലെ എച്ച്1/359/15 നമ്പർ കത്ത്.
5. നാഷണൽ ട്രസ്റ്റിന്റെ 23.2.2015 ലെ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം.

<u>ഉത്തരവ്</u>

പരാമർശം 1, 2, 3 ഉത്തരവുകൾ പ്രകാരം നാഷണൽ ട്രസ്റ്റ് ആക്ടിന്റെ സേവനങ്ങൾ സംസ്ഥാനത്ത് പൂർണ്ണതോതിൽ ലഭ്യമാക്കുന്നതിന് ലോക്കൽ ലെവൽ കമ്മിറ്റികളുടെയും സ്റ്റേറ്റ് നോഡൽ ഏജൻസി സെന്ററിന്റെയും പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

2. തുക ചെലവഴിക്കുന്നതിന് monthly ceiling ബാധകമാക്കിയാണ് പ്രൊപ്പോസലുകൾ അംഗീകരിച്ച് ഫണ്ട് അനുവദിച്ചു നൽകിയതെന്നും നാഷണൽ ട്രസ്റ്റ് ആക്ടിന്റെ സേവനങ്ങൾ സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നത് പ്രാരംഭഘട്ടത്തിലായതിനാൽ പ്രസ്തുത പരിധി പ്രായോഗികമല്ല എന്നും ടി സാഹചര്യം കണക്കിലെടുത്ത് തുക ചെലവഴിക്കുന്നതിന് നിലവിൽ ബാധകമാക്കിയിട്ടുള്ള monthly ceiling ഒഴിവാക്കി yearly ceiling ആക്കുന്നതിന് പരാമർശം 4 ലെ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3. പരാമർശം 5 ലെ നാഷണൽ ട്രസ്റ്റിന്റെ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ടി ശുപാർശയ്ക്ക് അംഗീകാരം നൽകുകയുണ്ടായി.

4. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ട്രസ്റ്റ് ആക്ടിന്റെ സേവനങ്ങൾ സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തുക ചെലവഴിക്കുന്നതിന് നിലവിൽ ബാധകമാക്കിയിട്ടുള്ള monthly ceiling ഒഴിവാക്കി yearly ceiling ആക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ശ്രീ.ആർ.വേണുഗോപാലൻ നായർ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, ആശ്രയ, സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ, പുള്ളിയിൽ കിളികൊല്ലൂർ പി.ഒ., കൊല്ലം - 4.
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ